"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഓംബുഡ്സ്പേഴ്സൺമാർ, ഓംബുഡ്സ്മാൻ അപ്പലേറ്റ് അതോറിറ്റി എന്നിവർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി കക്ഷികളായി വരുന്ന കേസുകളിൽ നിയമസഹായം നൽകുന്നതിന് സ്റ്റാൻഡിംഗ് കൗൺസൽമാരെ നിയമിക്കാൻ അനുവാദം നൽകി ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2062/2023/LSGD തീയതി,തിരുവനന്തപുരം, 20-10-2023

---

പരാമർശം:-

1. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 19.07.2023, 07.09.2023 തീയതികളിലെ നമ്പർ കത്ത്
2. MGNREGA ഓംബുഡ്സ്പേഴ്സൺ അപ്പലേറ്റ് അതോറിറ്റി ചെയർമാന്റെ 25.07.2023-ലെ അർദ്ധ ഔദ്യോഗിക കത്ത് നം.MGNREGS/AAD-11/2023

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഓംബുഡ്സ്പേഴ്സൺമാരും ഓംബുഡ്സ്പേഴ്സൺ അപ്പലേറ്റ് അതോറിറ്റിയും പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കെതിരെ നിരവധി കേസുകൾ കോടതികളിൽ സമർപ്പിക്കപ്പെടുന്നുണ്ട്. ഓംബുഡ്സ്പേഴ്സൺ/അപ്പലേറ്റ് അതോറിറ്റിയുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടാകുന്ന കോടതി കേസുകൾക്ക് സംസ്ഥാന സർക്കാർ ആവശ്യമായ നിയമ സഹായം നൽകേണ്ടതാണെന്ന് ഓംബുഡ്സ്മാൻമാരെ സംബന്ധിച്ച മാർഗനിർദ്ദേശങ്ങളിൽ കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുള്ളതിനാൽ ഇത്തരം കേസുകളിൽ ഓംബുഡ്സ്പേഴ്സൺ/അപ്പലേറ്റ് അതോറിറ്റിയ്ക്ക് ആവശ്യമായ നിയമസഹായം സർക്കാർ അഭിഭാഷകർ മുഖേന ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും പല കേസുകളിലും താൽപര്യങ്ങളിൽ വൈരുദ്ധ്യം ഉണ്ടെന്ന് ചൂണ്ടിക്കാട്ടി ഓംബുഡ്സ്പേഴ്സൺ/അപ്പലേറ്റ് അതോറിറ്റിയ്ക്ക് വേണ്ടി ഹാജരാകാൻ അഡ്വക്കേറ്റ് ജനറൽ വിസമ്മതം അറിയിച്ചിരുന്നു. ടി സാഹചര്യത്തിൽ ഓംബുഡ്സ്പേഴ്സൺ/അപ്പലേറ്റ് അതോറിറ്റിയ്ക്ക് വേണ്ടി ഹാജരാകാൻ സ്റ്റാന്റിംഗ് കൗൺസൽമാരെ നിയമിക്കണമെന്ന ആവശ്യം പരിഗണിക്കണമെന്ന് പരാമർശം (1) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയും ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമുണ്ടായി.

2. മിഷൻ ഡയറക്ടറുടെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഓംബുഡ്സ്പേഴ്സൺമാർ, ഓംബുഡ്സ്പേഴ്സൺ അപ്പലേറ്റ് അതോറിറ്റി എന്നിവർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി കക്ഷികളാകുന്ന

കോടതിക്കേസുകളിൽ ടിയാർക്ക് വേണ്ടി ഹാജരാകാൻ പ്രത്യേകം സ്റ്റാന്റിംഗ് കൗൺസലിനെ നിയോഗിക്കാൻ ചുവടെ പറയുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവാകുന്നു.

(i) സ്റ്റാന്റിംഗ് കൗൺസൽമാരെ നിയമിക്കുന്നതിനു മിഷൻ ഡയറക്ടർ അപേക്ഷ ക്ഷണിച്ചു പാനൽ രൂപീകരിക്കേണ്ടതും കേസുകളുടെ ഗൗരവം അനുസരിച്ച് ടി പാനലിൽ നിന്നും ഫീസ് പരസ്പരം കൂടിയാലോചിച്ച് (Negotiate) തീരുമാനിച്ച ശേഷം ഓരോ കേസിനും കൗൺസലിനെ നിയോഗിക്കേണ്ടതുമാണ്.

(ii) സ്റ്റാന്റിംഗ് കൗൺസൽമാരെ നിയോഗിക്കുന്നതിന് പ്രതിവർഷം പരമാവധി 2.25 ലക്ഷം രൂപ ചെലവഴിക്കാവുന്നതും ഈ തുക പദ്ധതിയുടെ ഭരണച്ചെലവിൽ നിന്നും വഹിക്കേണ്ടതുമാണ്. മേൽ പറഞ്ഞ പരിധിയിൽ ചെലവ് അധികരിക്കുന്ന പക്ഷം സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ചെയർമാൻ ഓംബുഡ്സ്പേഴ്സൺ അപ്പലേറ്റ് അതോറിറ്റി, (BSNL ഇൻസ്പെക്ഷൻ ക്വാർട്ടേഴ്സ്, ഒന്നാം നില, ലോ കോളേജ് ജംക്ഷൻ, വികാസ്ഭവൻ, തിരുവനന്തപുരം)
എല്ലാ ജില്ലാ പ്രോഗ്രാം കോഓർഡിനേറ്റർ/ജില്ലാ കലക്ടർമാർക്കും
എല്ലാ MGNREGA ഓംബുഡ്സ്പേഴ്സൺമാർക്കും
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 20-10-2023 12:24:29
സെക്ഷൻ ഓഫീസർ